സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്


അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ കാര്യാലയം, മുണ്ടക്കയം

Email- acomdkm@gmail.com, Phone-04828 273266


## ലേലപ്പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുണ്ടക്കയം ഗ്രൂപ്പിലെ വിവിധ സബ് ഗ്രൂപ്പുകളിൽപ്പെട്ട ചുവടെ വിവരിക്കുന്ന ദേവസ്വങ്ങളിലെ 2021-2022 സാമ്പത്തിക വർഷത്തെ പട്ടികയിൽ വിവരിക്കുന്ന കുത്തക ലേലങ്ങൾ അതോടൊപ്പമുള്ള തീയതികളിൽ അതാതു സബ് ഗ്രൂപ്പ് ആസ്ഥാനത്തു വച്ചു നടത്തപ്പെടുന്നു. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി നിശ്ചിത നിരതദ്രവ്യം അടച്ച് സർക്കാർ നൽകിയിട്ടുള്ള ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും തിരിച്ചറിയൽ കാർഡുമായി (ആധാർ, ഡ്രൈവിംഗ് ലൈസൻസ്, പെൻഷനേഴ്സ് കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ് മുതലായവ) ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിനു മുമ്പായി ഓരോ ഇനത്തിനും പ്രത്യേകം ക്വട്ടേഷനുകൾ/ടെൻഡറുകൾ സ്വീകരിക്കുന്നതാണ്. മുൻ കുടിശിവക്കാർക്കോ സർക്കാർ/പൊതുമേഖല/ദേവസ്വം വകുപ്പിൽ നിന്നും കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ളവർക്കോ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല.

*ചിറക്കടവ് സബ്ഗ്രൂപ്പ്, സ്ഥലം-ചിറക്കടവ് ദേവസ്വം ഓഫീസ്, തീയതി 22/02/2021 11 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | ചിറക്കടവ് | സ്വർണ്ണം വെള്ളി വകകൾ വില്കുന്നതിന് | 34,100/- | 3,500/- |
| 2 | ,, | പുള്ളുവൻ പാട്ട് നടത്തുന്നതിനുള്ള അവകാശം | 2,615/- | 500/- |
| 3 | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 1,85,500/- | 18,500/- |
| 4 | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 44,000/- | 4,500/- |
| 5 | ,, | അടുപ്പിലെ ചാരം, കരി എടുക്കുന്നതിന് | 3,290/- | 350/- |
| 6 | ഗണപതിയാർ | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 82,600/- | 8,000/- |
| 7 | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 2,500/- | 250/- |
| | ,, | തെങ്ങിലെ കായ്ഫലം എടുക്കുന്നതിന് 2 വർഷം | 6,380/- | 700/- |
| 8 | മധുരമീനാക്ഷി | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 90,500/- | 9,000/- |
| | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 2,500/- | 250/- |

*ചെറുവള്ളി സബ് ഗ്രൂപ്പ്, സ്ഥലം - ചെറുവള്ളി ദേവസ്വം ഓഫീസ്, തീയതി 22/02/2021 4 PM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | ചെറുവള്ളി | പൂമാല കെട്ടി വില്കുന്നതിനുള്ള അവകാശം | 87,725/- | 9,000/- |
| 2. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 4,000/- | 500/- |
| 3. | ,, | സ്വർണ്ണം വെള്ളി വകകൾ വില്കുന്നതിന് | 12,925/- | 1,300/- |
| 4. | ചേനപ്പാടി | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 36,500/- | 3,650/- |
| 5. | ,, | പൂമാല കെട്ടി വില്കുന്നതിനുള്ള അവകാശം | 2,310/- | 500/- |
| 6. | | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 3,520/- | 500/- |
| 7. | കരിക്കാട്ടൂർ | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 6,600/- | 750/- |
| 8. | | പൂമാല കെട്ടൽ, നീരാജ്ഞന ശിഷ്ടം നാളികേരം | 720/- | 100/- |

*എരുമേലി സബ് ഗ്രൂപ്പ്, സ്ഥലം - എരുമേലി ദേവസ്വം ഓഫീസ്, തീയതി 23/02/2021 10 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | എരുമേലി | നീരാജ്ഞന ശിഷ്ടം നാളികേരം എടുക്കുന്നതിന് | 1,22,210/- | 12,500/- |
| 2 | ,, | പൂമാല കെട്ടി വില്കുന്നതിനുള്ള അവകാശം | 13,750/- | 1,500/- |
| 3 | ,, | തെങ്ങ്, മാവ്, പ്ലാവ് കായ്ഫലം എടുക്കുന്നതിന് 2 yrs | 10,000/- | 1,000/- |
| 4 | പേട്ട | നീരാജ്ഞന ശിഷ്ടം നാളികേരം എടുക്കുന്നതിന് | 27,500/- | 2,750/- |
| 5 | ,, | പൂമാല കെട്ടി വില്പന നടത്തുന്നതിനുള്ള അവകാശം | 1,850/- | 200/- |

*കൊടുങ്ങൂർ സബ് ഗ്രൂപ്പ്, സ്ഥലം - കൊടുങ്ങൂർ ദേവസ്വം ഓഫീസ്, തീയതി 23/02/2021 4 PM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | കൊടുങ്ങൂർ | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 3,000/- | 300/- |
| 2. | ,, | പൂമാല കെട്ടി വില്ക്കുന്നതിനുള്ള അവകാശം | 63,030/- | 6,500/- |
| 3. | ,, | തെങ്ങിലെ ആദായം എടുക്കുന്നതിന് 2 വർഷം | 1,000/- | 100/- |
| 4. | വെട്ടിക്കാട് | പൂമാല കെട്ടി വില്കുന്നതിനുള്ള അവകാശം | 9,900/- | 1000/- |
| 5. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 19,000/- | 2,000/- |
| 6. | ഇളംപള്ളി | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 1,15,500/- | 11,500/- |
| 7. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 2,200/- | 500/- |

| | | | | |
|---|---|---|---|---|
| 8. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 8,525/- | 1000/- |
| 9. | കീഴ്കടമ്പ് | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 62,800/- | 6,300/- |
| 10. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 5,720/- | 600/- |
| 11. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 8,635/- | 900/- |
| 12. | ,, | പ്ലാവിൽ നിന്നുള്ള ആദായം എടുക്കുന്നതിന് 1 വർഷം | 750/- | 100/- |
| 13. | പുലിയന്നൂർകാട് | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 3,520/- | 500/- |

*വള്ളിയാംകാവ് സബ്ഗ്രൂപ്പ്, സ്ഥലം-വള്ളിയാംകാവ് ദേവസ്വം ഓഫീസ്, തീയതി 24/02/2021 11 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | വള്ളിയാംകാവ് | സ്വർണ്ണം വെള്ളി വകകൾ വിൽക്കുന്നതിന് | 1,11,200/- | 11,200/- |
| 2. | ,, | പുള്ളുവൻ പാട്ട് നടത്തുന്നതിനുള്ള അവകാശം | 19,800/- | 2,000/- |
| 3. | ,, | ലാട്രിൻ ഫീസ് ഈടാക്കി ഭക്തർക്കു നൽകുന്നതിന് | 82,500/- | 8,500/- |
| 4. | ,, | വൃക്ഷാദായം (1 വർഷം) | 6,000/- | 600/- |

*മുണ്ടക്കയം സബ് ഗ്രൂപ്പ്, സ്ഥലം-മുണ്ടക്കയം ദേവസ്വം ഓഫീസ്, തീയതി 25/02/2021 11 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | മുണ്ടക്കയം | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 1,45,500/- | 14,500/- |
| 2. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 8,950/- | 1000/- |
| 3. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 60,350/- | 6,100/- |
| 4. | ചെറുമല | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 30,900/- | 3,100/- |
| 5. | ,, | പൂമാല കെട്ടി വില്കുന്നതിനുള്ള അവകാശം | 4,600/- | 500/- |
| 6. | ,, | തെങ്ങ്, മാവ്, പ്ലാവ് കായ്ഫലം എടുക്കുന്നതിന് 2 yrs | 4,000/- | 500/- |
| 7. | പഴയ പശ്ചിമ | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 1,36,000/- | 13,600/- |
| 8. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 4,900/- | 500/- |
| 9. | ,, | കോഴി, ആട് റബ്ബർ ഷീറ്റ് തുടങ്ങിയവ എടുക്കുന്നതിന് | 11,250/- | 1,200/- |
| 10. | ,, | മാവ്,തെങ്ങ് എന്നിവയിലെ ആദായം എടുക്കുന്നതിന് 1 | 1,530/- | 200/- |
| 11. | കൊടുകപ്പലം | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 30,500/- | 3,000/- |
| 12. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 2.300/- | 250/- |
| 13. | പെരുവന്താനം | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 3,800/- | 500/- |
| 14. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 900/- | 100/- |
| 15. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 4,300/- | 500/- |
| 16. | ,, | തെങ്ങ് ആദായം എടുക്കുന്നതിനുള്ള അവകാശം 2 | 4,350/- | 500/- |
| 17. | പാലൂർക്കാവ് | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 4,300/- | 500/- |
| 18. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 2,200/- | 250/- |
| 19. | ,, | തെങ്ങിൽ നിന്നുള്ള ആദായം എടുക്കുന്നതിന് 1 yr | 2,850/- | 300/- |

*തിടനാട് സബ് ഗ്രൂപ്പ്, സ്ഥലം - തിടനാട് ദേവസ്വം ഓഫീസ്, തീയതി 26/02/2021 11 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | തിടനാട് | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 86,900/- | 9,000/- |
| 2. | ,, | നീരാജ്ഞനശിഷ്ടം നാളികേരം എടുക്കുന്നതിന് | 5,750/- | 600/- |
| 3. | ,, | തെങ്ങിലെ ആദായം എടുക്കുന്നതിന് 2 വർഷം | 31,350/- | 3,200/- |
| 4. | വട്ടക്കാവ് | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 66,850/- | 6,700/- |
| 5. | ,, | തെങ്ങിലെ ആദായം എടുക്കുന്നതിന് 2 വർഷം | 1,000/- | 100/- |

*പീരുമേട് സബ് ഗ്രൂപ്പ്, സ്ഥലം - പീരുമേട് ദേവസ്വം ഓഫീസ്, തീയതി 27/02/2021 11 AM*

| ന | ദേവസ്വം | കുത്തക ഇനം | മിനിമം തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | പീരുമേട് | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 87,300/- | 8,700/- |
| 2. | ,, | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 28,000/- | 2,800/- |
| 3. | ,, | നാളികേരനശിഷ്ടം നാളികേരം എടുക്കുന്നതിന് | 6,200/- | 700/- |
| 4. | ,, | കാപ്പിക്കുരു പറിച്ചെടുക്കുന്നതിനുള്ള അവകാശം 1 yr | 2,000/- | 200/- |
| 5. | ,, | സഞ്ചായ ശിഷ്ടം എടുക്കുന്നതിനുള്ള അവകാശം | 900/- | 100/- |
| 6. | വണ്ടിപ്പെരിയാർ | എണ്ണ, തിരി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ | 10,100/- | 1000/- |
| 7. | ,, | നാളികേര ശിഷ്ടം എടുക്കുന്നതിനുള്ള അവകാശം | 12,900/- | 1,300/- |

**ലേലം സംബന്ധിച്ച വിശദവിവരങ്ങളും, ലേല നിബന്ധനകളും അതാതു സബ് ഗ്രൂപ്പ് ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ മുണ്ടക്കയം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്ന് (Phone-04828 273266) ഓഫീസ് പ്രവൃത്തി സമയങ്ങളിലോ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ**

ഔദ്യോഗിക വെബ് സൈറ്റ് ആയ www.travancoredevaswomboard.org യിൽനിന്നോ അറിയാവുന്നതാണ്.

16/02/2021
മുണ്ടക്കയം

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
മുണ്ടക്കയം ഗ്രൂപ്പ്

<u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ സർക്കാർ നൽകിയിട്ടുള്ള ഫോട്ടോ പതിപ്പിച്ച എതെങ്കിലും തിരിച്ചറിയൽ കാർഡ് അസ്സലും ഒരു പകർപ്പും ഹാജരാക്കി, നിരതദ്രവ്യം കെട്ടി നേരിട്ട് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. തിരിച്ചറിയൽ കാർഡ് ഹാജരാക്കി നിരതദ്രവ്യം അടക്കാത്ത വരെ ലേലഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. ഒരാളിന്റെ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് മറ്റൊരാളിനു ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.
2. ലേലം ആരംഭിക്കുന്നതിനുമുമ്പായി ഓരോ ഇനത്തിനും ക്വട്ടേഷൻ ഹാജരാക്കാവുന്നതാണ്. ക്വട്ടേഷനൊപ്പം പത്തു രൂപയുടെ ദേവസ്വം സ്റ്റാമ്പോ, പത്തു രൂപാ ദേവസ്വത്തിൽ അടച്ച രസീതോ ഉൾപ്പെടുത്തേണ്ടതും, നിശ്ചിത നിരതദ്രവ്യം ഹാജരാക്കേണ്ടതുമാണ്. ലേലത്തിനായി നിരതദ്രവ്യം കെട്ടിയിട്ടുള്ളവർ അതേ ഐറ്റത്തിന് ക്വട്ടേഷനായി പ്രത്യേകം നിരതദ്രവ്യം കെട്ടേണ്ടതില്ല. ക്വട്ടേഷനൊപ്പം പങ്കെടുക്കുന്നവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ക്വട്ടേഷനിൽ വ്യക്തമായ മേൽവിലാസം, ഒപ്പ്, ഫോൺ നമ്പർ എന്നിവ ചേർത്തിരിക്കേണ്ടതാണ്.
3. മിനിമം ക്വാട്ടുതുകയിൽ ലേലം ആരംഭിക്കുന്നതും ഏറ്റവും കൂടുതൽ തുകക്ക് ലേലം വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം അവസാനിപ്പിച്ച് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ക്വട്ടേഷനോ ലേലത്തുകയോ ഏതാണോ കൂടുതൽ ടി തുകക്ക് ലേലം അവസാനിപ്പിക്കുന്നതുമായിരിക്കും.
4. ലേലം പിടിക്കുന്ന ആൾ 3 ലക്ഷം വരെയുള്ള ലേലത്തുക അപ്പോൾത്തന്നെ ഒന്നായി ഒടുക്കുവരുത്തേണ്ടതും, തുക 3 ലക്ഷത്തിൽ കൂടുതലാണെങ്കിൽ ലേലത്തുകയുടെ 75% മോ, 3 ലക്ഷം രൂപയോ ഏതാണോ കൂടുതൽ ആയത് അപ്പോൾതന്നെ ഒടുക്കു വരുത്തേണ്ടതും ബാക്കി തുക 30/04/2021 തീയതിക്കു മുമ്പായി അടച്ചു തീർക്കേണ്ടതുമാണ്. തുക 5 ലക്ഷം മുതൽ 7 ലക്ഷം വരെയാണെങ്കിൽ ലേലത്തുകയുടെ 50% അപ്പോൾ തന്നെ ഒടുക്കു വരുത്തേണ്ടതും ബാക്കി തുക 30/04/2021 തീയതിക്കു മുമ്പായി അടച്ചു തീർക്കേണ്ടതുമാണ്. ലേലത്തുക 7 ലക്ഷം മുതൽ 10 ലക്ഷം വരെയാണെങ്കിൽ 50% ഉടനടി ഒടുക്കു വരുത്തേണ്ടതും ബാക്കി തുക രണ്ടു ഗഡുക്കളായി യഥാക്രമം 30/04/2021, 31/07/2021 തീയതികൾക്കു മുമ്പായി ഒടുക്കു വരുത്തേണ്ടതുമാണ്. വീഴ്ചവരുത്തുന്ന പക്ഷം പ്രസ്തുത തീയതി മുതൽ 18% പിഴപലിശയും ഒടുക്കുവരുത്തേണ്ടതാണ്. അപ്പോൾ തന്നെ അടക്കേണ്ട തുക ഒടുക്കുവരുത്താത്ത പക്ഷം ടിയാന്റെ നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത ലേലക്കാരന് അവസരം നൽകുകയോ ആവർത്തന ലേലം നടത്തുകയോ ചെയ്യുന്നതായിരിക്കും. ആവർത്തന ലേലത്തിൽ നഷ്ടം സംഭവിച്ചാൽ ഒന്നാം ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, ലാഭം ഉണ്ടായാൽ അവകാശപ്പെടാൻ അർഹതയില്ലാത്തതുമാണ്.
5. സർക്കാർ/പൊതുമേഖല/ദേവസ്വം വകുപ്പുകളിൽ നിന്ന് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയോ, വിലക്കുകയോ ചെയ്തിട്ടുള്ളവരോയോ, ലേലകുടിശ്ശികയുള്ളവരോയോ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. മാത്രമല്ല കുത്തക ലേലം പിടിച്ചിട്ടുള്ളവരുടെ സഹായിയായോ, ജോലിക്കാരനായോ കുത്തക നടത്തുന്നതിന് സ്റ്റാളുകളിലോ, ദേവസ്വം സങ്കേതങ്ങളിലോ ചുമതലപ്പെടുത്തുവാൻ പാടില്ല. ഇത്തരക്കാരെ ക്ഷേത്രസംബന്ധമായ ജോലികളിലോ പകരം വ്യവസ്ഥാ ജോലികളിലോ ചുമതലപ്പെടുത്തുവാൻ അനുവദിക്കുന്നതല്ല.

6. കുത്തക ഏറ്റെടുക്കുന്ന വ്യക്തികൾ ലേലം അംഗീകരിച്ചു അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനകം സ്വന്തം ചെലവിൽ 200 രൂപാ മുദ്രപ്പത്രത്തിൽ ലേല വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വക്കേണ്ടതാണ്.

7. കുത്തകക്കാരൻ ദേവസ്വം അധികാരികൾ നിർദ്ദേശിക്കുന്ന സ്ഥലത്തുവച്ചു മാത്രമേ തന്റെ കുത്തക ഉപയോഗപ്പെടുത്താവൂ. മറിച്ച് അവകാശവാദങ്ങൾ ഉന്നയിക്കാൻ പാടില്ല. കുത്തകക്കായി അനുവദിച്ചിട്ടുള്ള കടകൾക്ക് ഉള്ളിൽ നിന്നു മാത്രം കച്ചവടം നടത്തേണ്ടതും ഭക്തജനങ്ങളെ തടഞ്ഞു നിർത്തി ക്യാൻവാസ് ചെയ്യാൻ പാടില്ലാത്തതുമാണ്.

8. ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നും 17/02/2018 ൽ ആർ.ഒ.സി 25/17/എൻ.എസ്-2 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ എല്ലാ പൊതു നിബന്ധനകളും സ്പെഷ്യൽ നിബന്ധനകളും ഈ ലേലത്തിലും ബാധകമായിരിക്കും.

9. ആവശ്യമെങ്കിൽ ലേലം നിർത്തിവക്കുന്നതിനും, ലേല നിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും, ലേലം അനുവദിക്കുന്നതും നിരാകരിക്കുന്നതും സംബന്ധിച്ച് ദേവസ്വം ബോർഡിന്റെ തീരുമാനം അന്തിമവുമായിരിക്കും.

10. ലേലം പിടിക്കുന്ന കുത്തകക്കാരൻ ഗവൺമെന്റിലേക്കോ, തദ്ദേശ്ശ സ്വയംഭരണ വകുപ്പിലേക്കോ ഏതെങ്കിലും തരത്തിലുള്ള ടാക്സ് അടക്കേണ്ടിവന്നാൽ ആയതിന് ടിയാൻ തന്നെ ഉത്തരവാദിയായിരിക്കുന്നതാണ്.

11. കുത്തകക്കാരൻ സ്റ്റാൾ ആയി പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ "ദേവസ്വം ബോർഡ് അംഗീകൃത സ്റ്റാൾ" എന്നുമാത്രമേ ബോർഡ് സ്ഥാപിക്കാവൂ. ഉച്ചഭാഷിണി അനുവദിക്കുന്നതല്ല.

12. കുത്തകക്കാരൻ ബോർഡനുമതി ഇല്ലാതെ ക്ഷേത്രത്തിന്റെയോ ദേവതയുടെയോ പേരിൽ വിസിറ്റിംഗ് കാർഡ്, നോട്ടീസ്, ഫ്ളക്സ് എന്നിവ പ്രസിദ്ധപ്പെടുത്തി ഭക്തജനങ്ങളെ ക്യാൻവാസ് ചെയ്യുവാനോ മറ്റു തരത്തിലുള്ള ബോർഡുകളോ ക്ഷേത്രസങ്കേതത്തിൽ സ്ഥാപിക്കാൻ പാടില്ല.

13. വെടികുത്തക ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ലേലകാലാവധി അവസാനിക്കുന്നതുവരെ ബാദ്ധ്യതയുള്ള എക്സ്പ്ലോസീവ് ലൈസൻസ് സ്വന്തമായി ഉണ്ടായിരിക്കേണ്ടതും ആയത് ലേല സമയം ഹാജരാക്കേണ്ടതുമാണ്. (അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൽ നിന്നും നമ്പർ 23യു ഫാറത്തിൽ ലഭിക്കുന്നത്).

14. ലേലം പിടിക്കുന്ന കുത്തകക്കാരൻ അതാതുകാലത്തെ നിലവിലുള്ളതും മാർക്കറ്റ് റേറ്റ് അനുസരിച്ചും മാത്രമേ സാധനങ്ങളുടെ വില നിജപ്പെടുത്താവൂ. ഗുണനിലവാരത്തിലുള്ള സാധനങ്ങൾ മാത്രം വില്പന നടത്തേണ്ടതും സാധനങ്ങളുടെ അളവ്, വില എന്നിവ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗുണനിലവാരം സംബനധിച്ച ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശ്ശങ്ങൾ ബാധകമായിരിക്കുന്നതാണ്.

15. കുത്തകക്കാരൻ ലേലനിബന്ധനകൾ ലംഘിക്കുകയോ, ക്ഷേത്രാചാരവിരുദ്ധമായി പ്രവർത്തിക്കുന്നതായോ ബോദ്ധ്യപ്പെട്ടാൽ കുത്തക റദ്ദു ചെയ്ത് പുനർലേലം നടത്തുന്നതും അതുമൂലം നഷ്മുണ്ടായാൽ നിയമപ്രകാരം ടിയാനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.

16. കുത്തകക്കാരൻ കുത്തക കുടിശിഖ അടക്കുന്നതിൽ വീഴ്ച വരുത്തുകയോ, ഡിപ്പാർട്ടുമെന്റിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയോ ചെയ്താൽ ആയത് റവന്യൂ റിക്കവറി പ്രകാരം ടിയാന്റെയോ, ടിയാന്റെ കുടുംബത്തിന്റെയോ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

17. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്നവകയിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൾ, ചപ്പുചവറുകൾ മറ്റു മാലിന്യങ്ങൾ ശേഖരിക്കുവാൻ ആവശ്യമായ ചവറുവീപ്പകൾ സ്വന്തം നിലയിൽ സ്ഥാപിക്കേണ്ടതാണ്.

18. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽ നിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം ഏൽപ്പിക്കുന്ന അതേ നിലയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലക്ക് മാറ്റം അനിവാര്യമാണങ്കിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധി ക്കുശേഷം ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നില യിലാക്കി തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
മുണ്ടക്കയം ഗ്രൂപ്പ്